**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **18-03-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളിൽ കിടങ്ങ്, സോളാർവേലി, ജൈവവേലി തുടങ്ങിയ മൾട്ടി ഫെൻസിങ് സമ്പ്രദായം ഉപയോഗിച്ച് വനഭൂമിയും കൃഷി ഭൂമിയും പൂർണമായും വേർതിരിച്ച് വന്യമൃഗങ്ങൾ കൃഷി ഭൂമിയിലേക്ക് കടന്ന് കൃഷി നാശവും ജീവനും സ്വത്തിനും നാശവും വരുത്തുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കോട്ടയം ഡിവിഷന്റെ പരിധിയിൽ വരുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വനമേഖലയുമായി അതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളുടെ ഭാഗങ്ങളായ കൊപ്പം - മാങ്ങാപേട്ട, പാണപിലാവ് - എരുത്വപ്പുഴ, എരുത്വപ്പുഴ - എലിവാലിക്കര, എലിവാലിക്കര - കൊപ്പം, കാളകെട്ടി-കീരിത്തോട്, കീരിത്തോട്-എലിവാലിക്കര, മാങ്ങാപേട്ട - 504 കോളനി, 504-കോളനി - കാരശേരി, 2016 തേക്ക് തോട്ടം, 2015 തേക്ക് തേട്ടം, കണ്ടങ്കയം - പത്തേക്കർ - മൈനാക്കുളം, കൊമ്പുകുത്തി സെറ്റിൽമെന്റ് എന്നീ പ്രദേശങ്ങളിലായി ആകെ 63.8 കി.മീ ദൂരത്തിൽ നിലവിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ പത്തേക്കർ. കണ്ണാട്ടു കവല ഭാഗത്ത് 450 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിനുള്ള അടങ്കൽ തയ്യാറാക്കിയിട്ടുള്ളതും താമസംവിനാ ജോലി ടെൻഡർ ചെയ്തു പൂർത്തിയാക്കാവുന്നതുമാണ്. പെരിയാർ വെസ്റ്റ് ഡിവിഷന്റെ കീഴിൽ എരുമേലി പഞ്ചായത്തിൽപ്പെടുന്ന പമ്പാവേലി മേഖലകളിൽ വന്യജീവി സംഘർഷം മൂലം കൃഷിനാശവും, ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിന് 14 കി.മീ. ദൂരത്തിൽ സോളാർ വേലി സ്ഥാപിച്ച് സംരക്ഷണം ഉറപ്പുവരുത്തിയിട്ടുള്ളതാണ്. |
| (ബി) | വന്യമൃഗശല്യം മൂലം കൃഷി നശിച്ചതിന് കൃഷിക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് പരിഗണയിലുണ്ടോയെന്നും നഷ്ടപരിഹാരം കാലവിളംബം കൂടാതെ കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ. (കൈ)നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) യാണ് ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | അർഹതയുള്ളത്. നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ